**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **05-02-2026 - ൽ മറുപടിയ്ക്ക്**

**എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ? | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ ഗോഡൗൺ നിർമാണത്തിനായി 5.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഗോഡൗൺ നിർമാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലത്തു നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ല്യു.ഡി യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഭരണാനുമതി നൽകിയ തുകയായ 5.88 കോടി രൂപ കണ്ണൂർ ജില്ലയിലെ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയ ശീർഷകത്തിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഗോഡൗൺ നിർമാണം ആരംഭിക്കുന്നതിന്റെ പ്രാഥമിക നടപടികളുടെ ഭാഗമായുള്ള മണ്ണ് പരിശോധന പൊതു മരാമത്ത് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഗോഡൗൺ നിർമാണം യഥാസമയം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ